പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2329 | 05.12.2018-ൽ മറുപടിയ്ക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ.പി.തിലോത്തമൻ<br>ഭക്ഷ്യവും, പൊതുവിതരണവും<br>വകുപ്പ് മന്ത്രി |

## സിവിൽ സപ്ലൈസ് ജീവനക്കാർ

| | |
|---|---|
| (എ) സപ്ലൈകോയിൽ അന്യത്ര സേവന വ്യവസ്ഥയിൽ എത്ര സിവിൽ സപ്ലൈസ് ജീവനക്കാർ ജോലി നോക്കുന്നുണ്ട്; അന്യത്ര സേവന സമ്പ്രദായം അവസാനിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) 1160 ജീവനക്കാർ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും സപ്ലൈകോയിൽ ഡെപ്യൂട്ടേഷനിൽ ജോലി നോക്കി വരുന്നു. അന്യത്ര സേവന സമ്പ്രദായം അവസാനിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. |
| (ബി) സപ്ലൈകോയിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി നോക്കുന്നുണ്ട്; ഇവർക്ക് ഇപ്പോൾ എത്ര രൂപയാണ് ദിവസവേതനം നൽകുന്നത്; ഇവർക്ക് മിനിമം കൂലി ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) സപ്ലൈകോയിൽ 6246 താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നു. പൂർണ്ണമായും കച്ചവട സ്ഥാപനമായ സപ്ലൈകോയിൽ വിൽപ്പനയ്ക്കനുസരിച്ചാണ് താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നത്. വിൽപ്പനയുടെ ഏറ്റക്കുറച്ചിലുകൾ അനുസരിച്ച് താൽക്കാലിക ജീവനക്കാരുടെ എണ്ണത്തിലും ഏറ്റക്കുറച്ചിലുകൾ വരും. ടി ജീവനക്കാരുടെ വേതനം 29.05.18-ലെ സർക്കാർ ഉത്തരവ്(സാധാ)നം.266/18/ഭ.പൊ.വി.വ പ്രകാരം ഡിസ് പ്ലേ അസിസ്റ്റന്റിന് 425/- രൂപയും പായ്ക്കിംഗ് അസിസ്റ്റന്റിന് പായ്ക്കറ്റ് ഒന്നിന് ഒരു രൂപ നിരക്കിലും, സപ്ലൈകോ പെട്രോൾ പമ്പിലെ ജീവനക്കാർക്ക് 500/- രൂപയും നൽകി വരുന്നു. മിനിമം കൂലി സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**